# 1995-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ആക്റ്റ് (1995-ലെ 7-ാം ആക്റ്റ്)

ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| പീഠിക | | .. | 77 |
| വകുപ്പുകൾ | | | |
| 1. | ചുരുക്കപ്പേരും പ്രാരംഭവും | .. | 77 |
| 2. | 8-ാം വകുപ്പിനുള്ള ഭേദഗതി | .. | 77 |
| 3. | 9-ാം ഉപവകുപ്പിനുള്ള ഭേദഗതി | .. | 77 |
| 4. | 16-ാം വകുപ്പിനുള്ള ഭേദഗതി | .. | 77 |
| 5. | 29-ാം വകുപ്പിനുള്ള ഭേദഗതി | .. | 77 |
| 6. | 30-ാം വകുപ്പിനുള്ള ഭേദഗതി | .. | 78 |
| 7. | 34-ാം വകുപ്പിനുള്ള ഭേദഗതി | .. | 78 |
| 8. | 35-ാം വകുപ്പിനുള്ള ഭേദഗതി | .. | 78 |
| 9. | 51-ാം വകുപ്പിനുള്ള ഭേദഗതി | .. | 78 |
| 10. | 68-ാം വകുപ്പിനുള്ള ഭേദഗതി | .. | 78 |
| 11. | 83-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് | .. | 78 |
| 12. | 132-ാം വകുപ്പിനുള്ള ഭേദഗതി | .. | 79 |
| 13. | 144-ാം വകുപ്പിനുള്ള ഭേദഗതി | .. | 80 |
| 14. | 145-ാം വകുപ്പിനുള്ള ഭേദഗതി | .. | 80 |
| 15. | 151-ാം വകുപ്പിനുള്ള ഭേദഗതി | .. | 80 |
| 16. | 153-ാം വകുപ്പിനുള്ള ഭേദഗതി | .. | 80 |
| 17. | 156-ാം വകുപ്പിനുള്ള ഭേദഗതി | .. | 82 |
| 18. | 157-ാം വകുപ്പിനുള്ള ഭേദഗതി | .. | 82 |
| 19. | 159-ാം വകുപ്പിനുള്ള ഭേദഗതി | .. | 82 |
| 20. | 160-ാം വകുപ്പിനുള്ള ഭേദഗതി | .. | 82 |
| 21. | 166-ാം വകുപ്പിനുള്ള ഭേദഗതി | .. | 83 |


LIBRARY ARCHIVES Kerala Legislative Assembly

| | | | പേജ് |
|---|---|---|---|
| 22. | 170-ാം വകുപ്പിനുള്ള ഭേദഗതി | .. | 83 |
| 23. | 182-ാം വകുപ്പിനുള്ള ഭേദഗതി | .. | 83 |
| 24. | അദ്ധ്യായം XVIII-ന്റെ ശീർഷകത്തിനുള്ള ഭേദഗതി | .. | 83 |
| 25. | 187-ാം വകുപ്പിന് പകരമുള്ള വകുപ്പ് | .. | 84 |
| 26. | 188-ാം വകുപ്പിനുള്ള ഭേദഗതി | .. | 84 |
| 27. | 198-ാം വകുപ്പിനുള്ള ഭേദഗതി | .. | 84 |
| 28. | 200-ാം വകുപ്പിനുള്ള ഭേദഗതി | .. | 84 |
| 29. | 206-ാം വകുപ്പിനുള്ള ഭേദഗതി | .. | 84 |
| 30. | 209-ാം വകുപ്പിനുള്ള ഭേദഗതി | .. | 85 |
| 31. | 220-ാം വകുപ്പിനുള്ള ഭേദഗതി | .. | 86 |
| 32. | 236-ാം വകുപ്പിനുള്ള ഭേദഗതി | .. | 86 |
| 33. | 239-ാം വകുപ്പിന്റെ ഭേദഗതി | .. | 86 |
| 34. | 242-ാം വകുപ്പിനുള്ള ഭേദഗതി | .. | 86 |
| 35. | 243-ാം വകുപ്പിനുള്ള ഭേദഗതി | .. | 86 |
| 36. | 254-ാം വകുപ്പിനുള്ള ഭേദഗതി | .. | 87 |
| 37. | 2[illegible]6-ാം വകുപ്പിനുള്ള ഭേദഗതി | .. | 87 |
| 38. | 268-ാം വകുപ്പ് വിട്ടുകളയൽ | .. | 87 |
| 39. | 270-ാം വകുപ്പിനുള്ള ഭേദഗതി | .. | 87 |
| 40. | 276-ാം വകുപ്പിനുള്ള ഭേദഗതി | .. | 88 |
| 41. | 277-ാം വകുപ്പിനുള്ള ഭേദഗതി | .. | 88 |
| 42. | 282-ാം വകുപ്പിനുള്ള ഭേദഗതി | .. | 88 |
| 43. | മൂന്നാം പട്ടികയ്ക്കുള്ള ഭേദഗതി | .. | 88 |
| 44. | നാലാം പട്ടികയ്ക്കുള്ള ഭേദഗതി | .. | 88 |
| 45. | സാധുവൽക്കരണം | .. | 89 |
| 46. | റദ്ദാക്കലും ഒഴിവാക്കലും | . | 89 |


LIBRARY ARCHIVES Kerala Legislative Assembly

# 1995-ലെ കേരള പഞ്ചായത്തുരാജ് (ഭേദഗതി) ആക്റ്റ്*
# (1995-ലെ 7-ാം ആക്റ്റ്)

## 1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ് (1994-ലെ 13) താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപത്തിയാറാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1995-ലെ കേരള പഞ്ചായത്തുരാജ് (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഈ ആക്റ്റിലെ 15-ാം വകുപ്പിലെ (സി) ഖണ്ഡവും 45-ഉം 46-ഉം വകുപ്പുകളും 1994 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതും മറ്റു വകുപ്പുകൾ ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതും ആണ്.

2. 8-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (സി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

3. 9-ാം ഉപവകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (സി) ഖണ്ഡവും (ഡി) ഖണ്ഡവും വിട്ടുകളയേണ്ടതാണ്.

4. 16-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 16-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) ''പഞ്ചായത്തുതലത്തിലുള്ളത്'' എന്ന വാക്കുകൾക്കു പകരം ''അതതു'' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) ''ബ്ലോക്കുതലത്തിലുള്ളത്'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

5. 29-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 29-ാം വകുപ്പിൽ (ബി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

''(ബി) നോമിനേഷൻ സമർപ്പിക്കുന്ന തീയതിയിൽ തന്റെ ഇരുപത്തിയൊന്നാം വയസ്സു പൂർത്തിയാക്കിയിരിക്കുകയും;''

---

*ഗവർണ്ണറുടെ അനുമതി 1995 ആഗസ്റ്റ് മാസം 5-ാം തീയതി ലഭിക്കുകയും 1995 ആഗസ്റ്റ് മാസം 5-ാം തീയതിയിലെ 792-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

6. 30-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) "ഏതെങ്കിലും ഓഹരിയോ ധനപരമായ താല്പര്യമോ" എന്ന വാക്കുകൾക്കു പകരം "അൻപത്തി ഒന്നു ശതമാനത്തിൽ കുറയാതെ ഓഹരി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്; അതായത്:—

"വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി കമ്പനി എന്നാൽ, 1956-ലെ കമ്പനി ആക്ട് (1956-ലെ 1-ാം കേന്ദ്ര ആക്ട്) 117-ാം വകുപ്പിൽ നിർവചിച്ച പ്രകാരമുള്ള ഒരു ഗവൺമെന്റ് കമ്പനി എന്നർത്ഥമാകുന്നതും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതുന്നതോ ആയ സഹകരണ സംഘവും ഉൾപ്പെടുന്നതുമാകുന്നു."

7. 34-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 34-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡത്തിൽ "138-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻ കീഴിലോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കററിനും പകരം "138-ാം വകുപ്പിൻകീഴിലോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

8. 35-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 35-ാം വകുപ്പ് (ഡി) ഖണ്ഡത്തിൽ "138-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിന്റെയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കററിനും പകരം "138-ാം വകുപ്പിന്റെയോ" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

9. 51-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 51-ാം വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഏതെങ്കിലും ഒരു പഞ്ചായത്തിലെ ഒരു സ്ഥാനം നികത്തുന്നതിലേക്ക് ഒരു നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥി ആയി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഒരാളെ അതേ പഞ്ചായത്തിലെ മറെറാരു നിയോജകമണ്ഡലത്തിലെ സ്ഥാനാർത്ഥിയായി നാമ നിർദ്ദേശം ചെയ്യുവാൻ പാടുള്ളതല്ല."

10. 68-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 68-ാം വകുപ്പിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "അർഹനായിരിക്കുന്നതല്ല" എന്ന വാക്കിനു പകരം "അനർഹനായിരിക്കുന്നതല്ല" എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. 83-ാം വകുപ്പിനുശേഷം പുതിയ വകുപ്പ്.—പ്രധാന ആക്ടിന്റെ 83-ാം വകുപ്പിനുശേഷം താഴെ പറയുന്ന പുതിയ വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"83 എ. അംഗത്വം ഇല്ലാതാക്കൽ.—(1) യാതൊരാളും പഞ്ചായത്തിന്റെ ഒന്നിലധികം തലത്തിൽ അംഗമായിരിക്കുവാൻ പാടില്ലാത്തതും പഞ്ചായത്തിന്റെ ഒന്നിലധികം തലങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾ അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം താൻ അംഗമായിരിക്കുവാൻ ആഗ്രഹിക്കുന്ന പഞ്ചായത്തിന്റെ വിവരവും താൻ അംഗത്വം ഒഴിയുന്ന പഞ്ചായത്തിന്റെ വിവരവും സംസ്ഥാന തിരഞ്ഞെടുപ്പുകമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതും അപ്രകാരം അറിയിക്കാത്തപക്ഷം അയാൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ തലത്തിലുള്ള പഞ്ചായത്തുകളിലെയും അയാളുടെ അംഗത്വം ഇല്ലാതാകുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഒരാളുടെ രേഖാമൂലമുള്ള അറിയിപ്പ് കിട്ടിയാലുടൻ, സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ, അയാൾ അംഗമായിരിക്കുവാൻ ആഗ്രഹിക്കുന്നതായി അറിയിച്ചിട്ടുള്ള പഞ്ചായത്ത് ഒഴികെയുള്ള പഞ്ചായത്തുകളിലെ അയാളുടെ അംഗത്വം അങ്ങിനെയുള്ള അറിയിപ്പുപ്രകാരം ഒഴിഞ്ഞതായി പ്രഖ്യാപിക്കേണ്ടതാണ്.

(3) ഒരാൾ ഒരു തലത്തിലുള്ള പഞ്ചായത്തിലെ ഒരു അംഗമായിരിക്കുമ്പോൾ തന്നെ വേറൊരുതല പഞ്ചായത്തിലെ കൂടി അംഗമായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, അങ്ങനെ തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം അയാൾ അപ്പോൾ അംഗമായിരിക്കുന്ന പഞ്ചായത്തിൽനിന്നും അയാളുടെ അംഗത്വം രാജിവയ്ക്കാത്തപക്ഷം, അങ്ങനെ അയാൾ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിലെ അയാളുടെ അംഗത്വം ഇല്ലാതാകുന്നതാണ്.

(4) ഈ വകുപ്പിൽ പറയുന്ന യാതൊന്നുംതന്നെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരമോ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരമോ ഒരു ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന് ബ്ലോക്ക് പഞ്ചായത്തിൽ അംഗമായി തുടരുന്നതിനോ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിന് ജില്ലാ പഞ്ചായത്തിൽ അംഗമായി തുടരുന്നതിനോ തടസമല്ല.

(5) ഈ വകുപ്പുപ്രകാരം അംഗത്വം ഒഴിഞ്ഞതോ അംഗത്വം ഇല്ലാതായതോ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉദിക്കുന്നപക്ഷം സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷന്റെ തീർപ്പിനായി റഫർ ചെയ്യേണ്ടതും അതിൻമേലുള്ള കമ്മീഷന്റെ തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.''

12. 132-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 132-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ, ''മററ് അധികാര സ്ഥാനങ്ങളിലേയും'' എന്ന വാക്കുകൾക്കു പകരം ''മററ് അധികാരസ്ഥാനങ്ങളിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ,—

(*i*) ''വകുപ്പ് തലവൻമാരും'' എന്ന വാക്കുകൾക്കു പകരം ''വകുപ്പ് തലവൻമാരും എയിഡഡ് സ്കൂൾ ഹെഡ്മാസ്ററർമാരും പ്രൈവററ് അഫിലിയേററഡ് കോളേജ് പ്രിൻസിപ്പൽമാരും'' എന്ന വാക്കുകളും;

(*ii*) ''അങ്ങനെയുള്ള ആഫീസിലെ ഉദ്യോഗസ്ഥൻമാരുടെയോ സ്ററാഫിന്റെയോ'' എന്ന വാക്കുകൾക്കു പകരം ''അങ്ങനെയുള്ള ആഫീസിലേയോ വിദ്യാഭ്യാസ സ്ഥാപനത്തിലേയോ ഉദ്യോഗസ്ഥൻമാരുടേയും സ്ററാഫിന്റേയും'' എന്ന വാക്കുകളും;

ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

13. 144-ാം വകുപ്പിലുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 144-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ "അഞ്ചിലൊന്നിൽ കൂടാതിരിക്കുകയു മാണെങ്കിൽ" എന്ന വാക്കുകൾക്കു പകരം "ആറിലൊന്നിൽ കൂടാതിരിക്കു കയുമാണെങ്കിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

14. 145-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 145-ാം വകുപ്പിൽ, "അല്ലെങ്കിൽ സ്ഥാപനങ്ങളും" എന്ന വാക്കുകൾക്കു പകരം "മററ് അധികാരസ്ഥാനവും എയിഡഡ് സ്കൂളും പ്രൈവററ് അഫിലി യേററഡ് കോളേജ് ഉൾപ്പെടെയുള്ള ഏതൊരു വിദ്യാഭ്യാസസ്ഥാപനവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

15. 151-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിന്റെ 151-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം (i)-ാം ഇനത്തിൽ "അതിനൊരു പ്രസിഡന്റിനേയും" എന്ന വാക്കുകൾക്കുപകരം "അതി നൊരു പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിൽ "പ്രസിഡന്റും ഭരണസമിതി അംഗ ങ്ങളും" എന്ന വാക്കുകൾക്കു പകരം "പ്രസിഡന്റും വൈസ്പ്രസിഡന്റും ഭരണസമിതി അംഗങ്ങളും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3 എ) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ററ് പ്രകാരം ആദ്യമായി രൂപീകരിക്കുന്ന ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഭരണ സമിതിയുടേയോ സ്പെഷ്യൽ ഓഫീസറുടേയോ കാലാവധി, അങ്ങനെ യുള്ള ഗ്രാമപഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഈ ആക്ററു പ്രകാരം സ്ഥാനമേൽക്കുന്നതുവരേയോ, 1995 സെപ്ററംബർ 30-ാം തീയതി അവസാനിക്കുന്നതുവരേയോ, അതിൽ ഏതാണോ ആദ്യ സംഭവിക്കുന്നത് അതുവരേക്ക്, സർക്കാരിന് ദീർഘിപ്പിക്കാവുന്നതാണ്.";

(ഡി) (4)-ാം ഉപവകുപ്പിൽ "അതിന്റെ പ്രസിഡന്റിന്റേയും എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും യഥാക്രമം അങ്ങനെയുള്ള ഭരണസമിതിയോ അതിന്റെ പ്രസിഡന്റോ" എന്ന വാക്കുകൾക്കു പകരം "അതിന്റെ പ്രസിഡന്റിന്റേയും വൈസ്പ്രസിഡന്റിന്റേയും എല്ലാ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും യഥാക്രമം അങ്ങിനെ യുള്ള ഭരണസമിതിയോ അതിന്റെ പ്രസിഡന്റോ അതിന്റെ വൈസ് പ്രസിഡന്റോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

16. 153-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 153-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ "രണ്ടാഴ്ചക്കകം വിളിച്ചു കൂട്ടേണ്ട താണ്" എന്ന വാക്കുകൾക്കു പകരം "(6)-ാം ഉപവകുപ്പിൽ പരാമർശി ക്കുന്ന വരണാധികാരി വിളിച്ചുകൂട്ടേണ്ടതാണ്" എന്ന വാക്കുകളും അക്കവും ബ്രാക്കററും ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്,—

''(4) (എ) (3)-ാം ഉപവകുപ്പുപ്രകാരം സംവരണം ചെയ്ത പ്രസിഡൻറിൻെറ ഔദ്യോഗിക സ്ഥാനങ്ങൾ വിവിധ ജില്ലകളിലെ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളിലേക്ക് വീതിച്ചു നൽകേണ്ടതാണ്;

(ബി) ബ്ലോക്ക് പഞ്ചായത്തിൻെറയും ഗ്രാമപഞ്ചായത്തിൻെറയും കാര്യത്തിൽ, പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണം ചെയ്യുന്ന സ്ഥാനങ്ങൾ അതതു ജില്ലയിലെ അവരുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി വീതിച്ചു നൽകേണ്ടതാണ്;

(സി) ഗ്രാമപഞ്ചായത്തിൻെറ കാര്യത്തിൽ ഓരോ ജില്ലയിലെയും സംവരണസ്ഥാനങ്ങൾ ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തു പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലേക്ക് വീതിച്ചു നൽകേണ്ടതാണ്;

(ഡി) പൊതുതിരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുൻപായി, സർക്കാർ, (എ)-യും (ബി)-യും (സി)-യും ഖണ്ഡങ്ങൾ പ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങൾ ആവർത്തനക്രമമനുസരിച്ച് വീതിച്ചു നൽകേണ്ടതും, ആവർത്തനക്രമം പട്ടികജാതിക്കാരുടേയോ പട്ടികവർഗ്ഗക്കാരുടേയോ സ്ത്രീകളുടേയോ ജനസംഖ്യ ശതമാനം ഏററവും കൂടിയ പഞ്ചായത്തിൽ നിന്ന് തുടങ്ങേണ്ടതും അതിനു ശേഷം ജനസംഖ്യ ശതമാനം ഏററവും കൂടിയ തൊട്ടടുത്ത പഞ്ചായത്തിലേക്ക് നൽകേണ്ടതും ഇതേപ്രകാരം തുടരേണ്ടതുമാണ്;

എന്നാൽ, പ്രസിഡൻറിൻെറ ഔദ്യോഗികസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാൻ അർഹതയുള്ള പഞ്ചായത്തും, പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ സംവരണം ചെയ്യേണ്ട പഞ്ചായത്തും ഒന്നുതന്നെയാണെങ്കിൽ, അതതു സംഗതിപോലെ, അപ്രകാരം പ്രസിഡൻറിൻെറ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യുന്നതിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടവർക്ക് മുൻഗണന നൽകേണ്ടതും പകരം ക്രമമനുസരിച്ച് തൊട്ടടുത്ത്, സ്ത്രീകളുടെ ഏററവും കൂടുതൽ ജനസംഖ്യ ശതമാനമുള്ള പഞ്ചായത്തിലെ പ്രസിഡൻറിൻെറ ഔദ്യോഗികസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതുമാണ്:

എന്നുമാത്രമല്ല, പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ പ്രസിഡൻറിൻെറ ഔദ്യോഗികസ്ഥാനം സംവരണം ചെയ്യപ്പെടുന്ന പഞ്ചായത്തുകളിൽ, സ്ത്രീകളുടെ ജനസംഖ്യ ശതമാനം കൂടുതലുള്ളവ ക്രമമനുസരിച്ച് അവരിലെ സ്ത്രീകൾക്ക് സംവരണം ചെയ്യേണ്ടതാണ്;

കൂടാതെ, പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ അവരിലെ സ്ത്രീകൾക്കോ ഏതെങ്കിലും പഞ്ചായത്തിൽ പ്രസിഡൻറിൻെറ ഔദ്യോഗിക സ്ഥാനം സംവരണം ചെയ്യുന്നത്, ആ പഞ്ചായത്തിൽ ആ വിഭാഗത്തിന് ഒരു നിയോജകമണ്ഡലമെങ്കിലും സംവരണം ചെയ്തിട്ടുണ്ടെങ്കിൽ മാത്രമായിരിക്കേണ്ടതാണ്.'';

(സി) (15)-ാം ഉപവകുപ്പിൽ, ''(13)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള'' എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കററിനും പകരം ''(14)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള'' എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കററും ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

17. 156-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 156-ാം വകുപ്പിൽ (4)-ാം ഉപവകുപ്പിൽ (ഇ) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

18. 157-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 157-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ ''ഒന്നു പകുതിയിൽ കുറയാതെ വരുന്ന'' എന്ന വാക്കുകൾക്കു പകരം ''മൂന്നിലൊന്നിൽ കുറയാതെ വരുന്ന'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (9)-ാം ഉപവകുപ്പിൽ ''നാലുമണിക്കൂർ'' എന്ന വാക്കുകൾക്ക് പകരം ''മൂന്നുമണിക്കൂർ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (12)-ാം ഉപവകുപ്പിൽ ''യോഗത്തിൽ സംബന്ധിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ'' എന്ന വാക്കുകൾക്കു പകരം ''ആ പഞ്ചായത്തിന് അനുവദിക്കപ്പെട്ട അംഗസംഖ്യയുടെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

19. 159-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 159-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ,—

(എ) ''നടപടി ദൂഷ്യം ഉൾക്കൊള്ളുന്ന കുററത്തിന് അധികാരിതയുള്ള ഏതെങ്കിലും കോടതി ശിക്ഷിക്കുകയോ ചെയ്യുന്നുവെങ്കിലോ'' എന്ന വാക്കുകൾക്കു പകരം ''ചെയ്യുന്നുവെങ്കിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ''നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(സി) ''അങ്ങനെയുള്ള അധികാരസ്ഥന്റെ ശുപാർശ പ്രകാരമോ'' എന്ന വാക്കുകൾക്കു പകരം ''അങ്ങനെയുള്ള അധികാരസ്ഥന്റെ ശുപാർശ പ്രകാരം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

20. 160-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 160-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ ''നിശ്ചിത അലവൻസുകളും'' എന്ന വാക്കുകൾക്കു പകരം ''ശമ്പളവും അലവൻസുകളും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ ''നിശ്ചിത പ്രതിമാസ അലവൻസ്'' എന്ന വാക്കുകൾക്കു പകരം ''പ്രതിമാസ ശമ്പളവും അലവൻസും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിൽ ''അതതു സമയം ഒന്നാം ക്ലാസ് സർക്കാരുദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട'' എന്ന വാക്കുകൾക്കു പകരം ''നിർണ്ണയിക്കപ്പെട്ട'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (5)-ാം ഉപവകുപ്പിൽ ''അതതു സമയം ഒന്നാം ക്ലാസ് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് അർഹതപ്പെട്ട'' എന്ന വാക്കുകൾക്കു പകരം ''നിർണ്ണയിക്കപ്പെട്ട'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

21. 166-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 166-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ,—

(*i*) "തൊഴിൽ സൗകര്യങ്ങൾ" എന്ന വാക്കുകൾക്കു പകരം "ഗ്രാമ പഞ്ചായത്തിന് തൊഴിൽ സൗകര്യങ്ങൾ" എന്ന വാക്കുകളും;

(*ii*) "മാൻപവർ ബാങ്കുകൾ ആരംഭിക്കുവാനുള്ള" എന്ന വാക്കുകൾക്കു പകരം "മാൻപവർ ബാങ്കുകൾ ആരംഭിക്കുവാനും ഉള്ള" എന്ന വാക്കുകളും ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ "അതിന്റെ ചുമതലകൾ" എന്ന വാക്കുകൾക്കു പകരം "അവയുടെ ചുമതലകൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

22. 170-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 170-ാം വകുപ്പിൽ "അത് അവർക്ക് ലേലം ചെയ്തോ മററ് വിധത്തിലോ വിൽക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "അതിന് അവ ലേലം ചെയ്തോ മററു വിധത്തിലോ വിൽക്കാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

23. 182-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 182-ാം വകുപ്പിൽ (*v*)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(*vi*) പ്രസിഡൻറ് ഏൽപ്പിച്ചുകൊടുക്കുന്ന ചെലവുകൾ ചെയ്യേണ്ടതാണ്;

(*vii*) പഞ്ചായത്ത് അധികൃതമാക്കിയ എല്ലാവിധ ചെലവുകൾക്കുമുള്ള തുകകൾ ചെക്കായോ പണമായോ നൽകേണ്ടതാണ്;

(*viii*) പഞ്ചായത്ത് ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതാണ്;

(*ix*) പഞ്ചായത്തിന്റെ വരവുചെലവ് കണക്കുകൾ വച്ചുപോരുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്;

(*x*) പഞ്ചായത്ത് യോഗങ്ങളുടെയും നടപടി ക്രമങ്ങളുടെയും രേഖകൾ സൂക്ഷിക്കേണ്ടതാണ്; കൂടാതെ

(*xi*) 180-ാം വകുപ്പിൽ പരാമർശിക്കുന്ന പഞ്ചായത്ത് ജീവനക്കാരുടെമേൽ ശിക്ഷണനടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്."

24. അദ്ധ്യായം XVIII-ന്റെ ശീർഷകത്തിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ അദ്ധ്യായം XVIII-ന്റെ ശീർഷകം "പഞ്ചായത്തു സംഘടനയും അതിന്റെ പ്രവർത്തനവും" എന്നതിനു പകരം "നിയന്ത്രണം" എന്ന് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

25. 187–ാം വകുപ്പിനു പകരമുള്ള വകുപ്പ്.—പ്രധാന ആക്റ്റിന്റെ 187–ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"187. പഞ്ചായത്ത് ഭരണ സംവിധാനം.—ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഗ്രാമസഭകളും അടങ്ങിയതായിരിക്കും സംസ്ഥാനത്തെ പഞ്ചായത്ത് ഭരണസംവിധാനം."

26. 188–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 188–ാം വകുപ്പിൽ (1)–ാം ഉപവകുപ്പിൽ (ഇ) ഖണ്ഡത്തിൽ "ഏതെങ്കിലും സ്ഥാപനത്തിന്, അതിന്റെ" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും പഞ്ചായത്തിന്റെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

27. 198–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 198–ാം വകുപ്പിൽ "പഞ്ചായത്ത് നിർണ്ണയിച്ച പ്രകാരമുള്ള" എന്ന വാക്കുകൾക്കു പകരം "പഞ്ചായത്ത് നിശ്ചയിച്ച പ്രകാരമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

28. 200–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 200-ാം വകുപ്പ് (3)–ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ) ഗ്രാമപഞ്ചായത്തിന് ഒരു ഭൂ ഉടമയിൽ നിന്നും അയാൾ കൈവശം വച്ചിരുന്ന തോട്ടമോ, കെട്ടിടം നിൽക്കുന്ന സ്ഥലമോ ആയി മാററപ്പെട്ട നെൽപ്പാടമോ, ചതുപ്പു പ്രദേശമോ, കുളമോ, നീർമറി പ്രദേശമോ സംബന്ധിച്ച് ഒരു ആർ പ്രദേശത്തിന് എഴുപത്തിയഞ്ചു രൂപയിൽ കവിയാത്ത നിരക്കിൽ, നിർണ്ണയിക്കപ്പെട്ട രീതിയിൽ, ഭൂപരിവർത്തന ഉപനികുതി ചുമത്താവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിലെ യാതൊന്നും 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥകളെ ബാധിക്കുന്നതായി കണക്കാക്കാൻ പാടുള്ളതല്ല."

29. 206–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 206–ാം വകുപ്പിൽ (1)–ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ (v)–ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "(v) (എ) സ്ഥാവര വസ്തുവിന്റെ ഒരു കൊല്ലത്തിൽ കുറഞ്ഞ പാട്ടച്ചാർത്ത് | ആ പാട്ടച്ചാർത്ത് പ്രകാരം അടക്കുകയോ കൊടുക്കുകയോ ചെയ്യേണ്ടുന്ന ഒട്ടാകെ സംഖ്യക്ക് (1959–ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ 14–ാം ക്രമനമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ, |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| (ബി) സ്ഥാവര വസ്തുവിന്റെ ഒരു കൊല്ലത്തിൽ കുറയാതെയും അഞ്ചു കൊല്ലത്തിൽ കവിയാതെയുമുള്ള പാട്ടച്ചാർത്ത് | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ ഉള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ 14-ാം ക്രമ നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവിലതന്നെ. |
| (സി) സ്ഥാവര വസ്തുവിന്റെ അഞ്ചു കൊല്ലത്തിൽ കവിഞ്ഞതും എന്നാൽ പത്തു കൊല്ലത്തിൽ കവിയാതെയുമുള്ള പാട്ടച്ചാർത്ത് | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടസംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ, അതതു സംഗതിപോലെ, ക്രമനമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവില. |
| (ഡി) സ്ഥാവര വസ്തുവിന്റെ പത്തുകൊല്ലത്തിൽ കവിഞ്ഞതും, എന്നാൽ ശാശ്വതമായിട്ടല്ലാത്തതുമായ പാട്ടച്ചാർത്ത് | പാട്ടച്ചാർത്ത് വളരെക്കാലം നിലനിൽക്കുന്നതാണെങ്കിൽ ആദ്യത്തെ പത്തുകൊല്ലത്തേക്ക് അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ശരാശരി ഒരു കൊല്ലത്തെ പാട്ട സംഖ്യയുടേയോ വിലയുടേയോ മൂന്നിരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ, അതതു സംഗതി പോലെ, ക്രമനമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്രവിലതന്നെ. |
| (ഇ) സ്ഥാവര വസ്തുവിന്റെ ശാശ്വത പാട്ടച്ചാർത്ത് | കരണത്തിൽ കാണിച്ചിട്ടുള്ളപോലെ ചാർത്തിന്റെ ആദ്യത്തെ അൻപത് കൊല്ലം അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ഒട്ടാകെ പാട്ടത്തിന്റെ ആറിൽ ഒന്നിനു തുല്യമായ ഒരു തുക.''. |

30. <u>209-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 209-ാം വകുപ്പിന്റെ വിശദീകരണത്തിൽ ''സാമ്പത്തിക സഹായത്തോടെ അല്ലാതെയോ'' എന്ന വാക്കുകൾക്ക് പകരം ''സാമ്പത്തിക സഹായത്തോടെയോ അല്ലാതെയോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

31. 220-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിന്റെ 220-ാം വകുപ്പിൽ (ബി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ പഞ്ചായത്തു തീരുമാനിക്കുന്ന പഞ്ചായത്തിലെ ഏതെങ്കിലും റോഡിനോടോ ചേർന്നുകിടക്കുന്ന ഏതെങ്കിലും ഭൂമിയിൽ തന്റെ ഭൂമിയുടെ അതിരിൽനിന്ന് മൂന്ന് മീറററിൽ കുറയാത്ത ദൂരത്തിനുള്ളിലും ഏതെങ്കിലും കെട്ടിടമോ അല്ലെങ്കിൽ ചുററുമതിൽ ഒഴികെയുള്ള ഏതെങ്കിലും എടുപ്പോ നിർമ്മിക്കുകയോ അല്ലെങ്കിൽ ഈ ആക്ററ് നിലവിൽ വരുന്ന സമയത്ത് നാഷണൽ ഹൈവേയോടോ സംസ്ഥാന ഹൈവേയോടോ ജില്ലാ റോഡുകളോടോ പഞ്ചായത്തു തീരുമാനിക്കുന്ന പഞ്ചായത്തിലെ ഏതെങ്കിലും റോഡിനോടോ ചേർന്നു നിൽക്കുന്ന ഏതെങ്കിലും കെട്ടിടത്തിന് കൂട്ടിച്ചേർക്കലോ വിപുലീകരണമോ നടത്തുകയോ;".

32. 236-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 236-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ "പഞ്ചായത്ത് യുക്തമെന്ന് തോന്നുന്ന കടുത്ത ശിക്ഷയോ പ്രോസിക്യൂഷൻ നടപടികളോ സ്വീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "പഞ്ചായത്തിന് യുക്തമെന്നു തോന്നുന്ന കടുത്ത പിഴശിക്ഷ നൽകുകയോ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

33. 239-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ററിന്റെ 239-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ (സി) ഖണ്ഡത്തിൽ "ഏതെങ്കിലും അരുവി, കിണർ, കുളം അഥവാ ഏതെങ്കിലും മററു കുഴിയിലെയോ" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും അരുവിയിലേയോ കിണററിലേയോ കുളത്തിലേയോ മറേറതെങ്കിലും കുഴിയിലേയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

34. 242-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 242-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(എ) "വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഭാഗത്തെ സംബന്ധിച്ചോ" എന്ന വാക്കുകൾക്കു പകരം "വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "അതിന്റെ ഏതെങ്കിലും ഭാഗത്തെയോ അഥവാ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

35. 243-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിലെ 243-ാം വകുപ്പിൽ "ഒരു പഞ്ചായത്തിനു കിട്ടാനുള്ളതായ ഏതെങ്കിലും നികുതിക്കോ മററു സംഖ്യക്കോ യാതൊരു ജപ്തിക്കും യാതൊരു വ്യവഹാരവും യാതൊരു ശിക്ഷാനടപടിക്കും, ആ നികുതിയോ, ആ സംഖ്യയോ സംബന്ധിച്ചിടത്തോളം, അതതു സംഗതിപോലെ, ജപ്തി ആദ്യമേ നടത്തുകയോ, വ്യവഹാരം ആദ്യമേ കൊടുക്കുകയോ, ശിക്ഷാനടപടി ആദ്യമേ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങുകയോ'' എന്ന വാക്കുകൾക്കു പകരം ''ഒരു പഞ്ചായത്തിനു് കിട്ടാനുള്ള ഏതെങ്കിലും നികുതിക്കോ മററു സംഖ്യയ്ക്കോ യാതൊരു ജപ്തിയും യാതൊരു വ്യവഹാരവും, യാതൊരു പ്രോസിക്യൂഷൻ നടപടിയും ആ നികുതിയേയോ, ആ സംഖ്യയേയോ സംബന്ധിച്ചിടത്തോളം, അതതു സംഗതിപോലെ, ജപ്തി ആദ്യമേ നടത്തുകയോ വ്യവഹാരം ആദ്യമേ കൊടുക്കുകയോ പ്രോസിക്യൂഷൻ നടപടി ആദ്യമേ തുടങ്ങുകയോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

36. 254-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 254-ാം വകുപ്പിൽ (2)-ാം ഉപവകുപ്പ് (*xxxvii*)-ാം ഖണ്ഡത്തിൽ ''പണമായോ' എന്ന വാക്കിനു പകരം ''പണയമായോ'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

37. 266-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 266-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''266. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.—ഈ ആക്ററ് പ്രാബല്യത്തിൽ വരുമ്പോഴോ അതിനു ശേഷമോ ഒരു ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂട്ടി രജിസ്ട്രേഷൻ ലഭിക്കാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രസ്തുത ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുവാൻ പാടില്ലാത്തതും, അത്തരം രജിസ്ട്രേഷനുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട രീതിയിലും നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് നൽകേണ്ടതുമാണ്:

എന്നാൽ, ഈ ആക്ററ് നിലവിൽ വരുന്ന തീയതിയിൽ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള ഒരു ട്യൂട്ടോറിയൽ സ്ഥാപനത്തെ സംബന്ധിച്ച്, അത് നടത്തുന്ന ആൾ സർക്കാർ ഈ ആവശ്യത്തിലേക്കായി നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ രജിസ്ട്രേഷനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിന് നൽകുന്നപക്ഷം ഈ ആക്ററ് പ്രകാരം, രജിസ്ററർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്.''.

38. 268-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ററിലെ 268-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

39. 270-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 270-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ ''എന്നാൽ ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്ത് ഈ ആക്ററ് നിലവിൽവരുന്ന തീയതിയിൽ നിലവിലുള്ള ഒരു സ്വകാര്യ ആശുപത്രിയുടെയോ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ കാര്യത്തിൽ, അങ്ങിനെയുള്ള തീയതി മുതൽ മൂന്നു മാസക്കാലത്തേക്കോ, ആ കാലയളവിനുള്ളിൽ'' എന്ന വാക്കുകൾക്കുപകരം ''എന്നാൽ ഈ ആക്ററ് നിലവിൽ വരുന്ന തീയതിയിൽ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള ഒരു സ്വകാര്യ ആശുപത്രിയേയോ പാരാമെഡിക്കൽ സ്ഥാപനത്തേയോ സംബന്ധിച്ച്, അങ്ങിനെയുള്ള സ്വകാര്യ ആശുപത്രിയോ പാരാ മെഡിക്കൽ സ്ഥാപനമോ നടത്തുന്ന ആൾ സർക്കാർ ഈ ആവശ്യത്തിലേക്കായി നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.



LIBRARY ARCHIVES Kerala Legislative Assembly

40. **276–ാം വകുപ്പിനുള്ള ഭേദഗതി.**—പ്രധാന ആക്ററിന്റെ 276–ാം വകുപ്പിന്റെ (2)–ാം ഉപവകുപ്പിൽ,—

(എ) ''നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരസ്ഥൻ'' എന്ന വാക്കുകൾക്കു പകരം ''സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ, നികുതി ചുമത്തിയതിനെതിരായി യാതൊരു അപ്പീലും, ഡിമാൻഡ് നോട്ടീസിൽ ആവശ്യപ്പെട്ട നികുതി കൊടുക്കാത്തപക്ഷം, ബോധിപ്പിക്കാൻ പാടുള്ളതല്ല''.

41. **277–ാം വകുപ്പിനുള്ള ഭേദഗതി.**—പ്രധാന ആക്ററിലെ 277–ാം വകുപ്പിന്റെ,—

(എ) (1)–ാം ഉപവകുപ്പിൽ ''പരസ്യത്തിലോ'' എന്ന വാക്കിനു പകരം ''വിജ്ഞാപനത്തിലോ'' എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)–ാം ഉപവകുപ്പിൽ ''പരസ്യത്തിലോ'' എന്ന വാക്കിനു പകരം ''വിജ്ഞാപനത്തിലോ'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

42. **282–ാം വകുപ്പിനുള്ള ഭേദഗതി.**—പ്രധാന ആക്ററിന്റെ 282–ാം വകുപ്പിൽ ''രണ്ടോ അതിലധികമോ വില്ലേജ് പഞ്ചായത്തുകളുടെ ഇടയിലോ അഥവാ ഒരു വില്ലേജ് പഞ്ചായത്തും ഒന്നോ അതിലധികമോ ബ്ലോക്കു പഞ്ചായത്തുകളും തമ്മിലോ അഥവാ ഒരു വില്ലേജ് പഞ്ചായത്തും ഒരു ജില്ലാ പഞ്ചായത്തും തമ്മിലോ അഥവാ ഒരു ജില്ലാ പഞ്ചായത്തും ഒന്നോ അതിലധികമോ ബ്ലോക്ക് പഞ്ചായത്തുകളും തമ്മിലോ അഥവാ രണ്ടോ അതിലധികമോ ബ്ലോക്കു പഞ്ചായത്തുകൾ തമ്മിലോ അഥവാ രണ്ടോ അതിലധികമോ പഞ്ചായത്തുകൾ തമ്മിലോ'' എന്ന വാക്കുകൾക്കു പകരം ''രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകൾ തമ്മിലോ അഥവാ, ഒരു ഗ്രാമപഞ്ചായത്തും ഒന്നോ അതിലധികമോ ബ്ലോക്കുപഞ്ചായത്തുകളും തമ്മിലോ അഥവാ, ഒരു ഗ്രാമപഞ്ചായത്തും ഒരു ജില്ലാ പഞ്ചായത്തും തമ്മിലോ അഥവാ, ഒരു ജില്ലാപഞ്ചായത്തും ഒന്നോ അതിലധികമോ ബ്ലോക്കു പഞ്ചായത്തുകളും തമ്മിലോ അഥവാ, രണ്ടോ അതിലധികമോ ബ്ലോക്കുപഞ്ചായത്തുകൾ തമ്മിലോ അഥവാ, രണ്ടോ അതിലധികമോ ജില്ലാ പഞ്ചായത്തുകൾ തമ്മിലോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

43. **മൂന്നാം പട്ടികയ്ക്കുള്ള ഭേദഗതി.**—പ്രധാന ആക്ററിലെ മൂന്നാം പട്ടികയിൽ, ''12 പൊതുജനാരോഗ്യവും ശുചീകരണവും'' എന്ന ശീർഷകത്തിനു കീഴിൽ (എ) ഇനത്തിൽ ''സർക്കാർ ഡിസ്പെൻസറികളുടെ'' എന്ന വാക്കുകൾക്കുപകരം ''സർക്കാർ ഡിസ്പെൻസറികളുടേയും കമ്മ്യൂണിററി ഹെൽത്ത് സെൻററുകളുടേയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

44. **നാലാം പട്ടികയ്ക്കുള്ള ഭേദഗതി.**—പ്രധാന ആക്ററിലെ നാലാം പട്ടികയിൽ ''4. പൊതുജനാരോഗ്യം'' എന്ന ശീർഷകത്തിനുകീഴിൽ, (എ) ഇനത്തിൽ ''പ്രൈമറി ഹെൽത്ത് സെൻററുകളുടെ'' എന്ന വാക്കുകൾക്ക് പകരം ''പ്രൈമറി ഹെൽത്ത് സെൻററുകളുടേയും താലൂക്ക് ആശുപത്രികളുടേയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

45. സാധുവൽക്കരണം.—പ്രധാന ആക്ററിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രധാന ആക്ററിലെ 284-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഒ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്, 1995 ജനുവരി 11-നു മുൻപ് പ്രധാന ആക്ടിലെ 151-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഭരണസമിതിയുടേയോ സ്പെഷ്യൽ ഓഫീസറുടേയോ കാലാവധി ഈ ആക്ററു മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 151-ാം വകുപ്പിലെ വ്യവസ്ഥകഠം പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതേണ്ടതാണ്.

46. റദ്ദാക്കലും ഒഴിവാക്കലും.—(1) ഈ ആക്ററിന്റെ പ്രാരംഭത്തിലും അതുമുതൽക്കും 1995-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (1995-ലെ 8) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങിനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതായി കരുതപ്പെടുന്ന ഏതെങ്കിലും കാര്യമോ, എടുത്തതായി കരുതപ്പെടുന്ന ഏതെങ്കിലും നടപടിയോ അല്ലെങ്കിൽ പ്രസ്തുത ഓർഡിനൻസിനാൽ ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്ററ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ, അതതു സംഗതിപോലെ, ഈ ആക്ററ് പ്രകാരമോ ഈ ആക്ററിനാൽ ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്ററ് പ്രകാരമോ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.



LIBRARY ARCHIVES Kerala Legislative Assembly